**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **02-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവത്ക്കരണത്തിനും വിപുലീകരണത്തിനും മാസ്റ്റർപ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവത്ക്കരണത്തിനും വിപുലീകരണത്തിനുമായി പതിനായിരം കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ട് കൊണ്ട് 41 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഹ്രസ്വ, ഇടത്തരം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി 405 പദ്ധതികൾ അടുത്ത പത്തു വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് 9467.1 കോടി രൂപ വേണ്ടി വരുമെന്നാണ് നിലവിൽ കണക്കാക്കിയിരിക്കുന്നത്. |
| (ബി) | വ്യവസായ മേഖലയുമായി സഹകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഉയർന്ന നിലവാരമുള്ള ഉല്പന്നങ്ങൾ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിപണന രംഗത്ത് ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ചും, ഗുണ നിലവാരം മെച്ചപ്പെടുത്തിയും, വില നിലവാരം ക്രമപ്പെടുത്തിയും മത്സരാധിഷ്ഠിത കമ്പോളത്തിൽ ശക്തിയുക്തം നിലയുറപ്പിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ അതാത് വ്യവസായ മേഖലകളിലെ വിദഗ്ദ്ധരുടെയും ദേശീയതലത്തിലും അന്തർദേശീയ തലത്തിലും ഉള്ള ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങൾ ആവിഷ്കരിച്ചിരിക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനായി എൻജിനീയറിങ് / ഇലക്ട്രിക്കൽ / ഇലക്ട്രോണിക്സ് സെക്ടറുകളിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന വിവിധ |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ, യന്ത്ര സാമഗ്രികൾ, കാസ്റ്റിംഗുകൾ, ഫോർജിങ്ങുകൾ എന്നിവയുടെ വിപണി വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട സഹകരണം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിരുന്നു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും നിർമ്മാണ ശേഷിയും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉത്പാദന/ നിർമ്മാണ പ്രവർത്തനങ്ങളിൽ ഭാഗമാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | 2021-22 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വിറ്റുവരവ് 30 ശതമാനം വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2015-16 കാലത്തെ വിറ്റുവരുമായി താരതമ്യം ചെയ്യുമ്പോൾ 2021-22 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിൽ 30 ശതമാനത്തിലേറെ വർദ്ധനവ് വന്നിട്ടുണ്ട്. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിച്ച് നിക്ഷേപകരെ ആകർഷിക്കുവാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളെ വൈവിധ്യവത്ക്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആവശ്യമായ മൂലധന സ്വരൂപണത്തിന് കഴിയുന്ന തരത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിൽ ആണ് നടപ്പിലാക്കുക.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള ഉൽപാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഉപയോഗത്തിനു ശേഷമുള്ള അധിക ഭൂമിയിൽ വ്യവസായ സംരംഭകർക്കാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ 96 സെന്റ് സ്ഥലത്ത് KIIFB യുടെ ധനസഹായത്തോടെ KINFRA യുടെ മേൽനോട്ടത്തിൽ ഒരു ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | 28.15 കോടി രൂപയുടെ ഒരു പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതും ആഭ്യന്തരമായോ അന്താരാഷ്ട്ര തലത്തിലോ വിപണനത്തിന് സാധ്യതയുള്ളതുമായ നിരവധി ഉല്പന്നങ്ങൾക്കുള്ള എം.എസ്.എം.ഇ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് വഴി കൂടുതൽ നിക്ഷേപകർ വ്യവസായ മേഖലയിലേയ്ക്ക് കടന്നു വരുന്നതാണ്. |
| (ഇ) | പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി വിപുലീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഇ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിപണന രംഗത്ത് ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ചും, ഗുണ നിലവാരം മെച്ചപ്പെടുത്തിയും, വില നിലവാരം ക്രമപ്പെടുത്തിയും മത്സരാധിഷ്ഠിത കമ്പോളത്തിൽ ശക്തിയുക്തം നിലയുറപ്പിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ അതാത് വ്യവസായ മേഖലകളിലെ വിദഗ്ധരുടെയും ദേശീയതലത്തിലും അന്തർദേശീയ തലത്തിലും ഉള്ള ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ